# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3013 — 11/12/2014 ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയും നിലവാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ജോസഫ് വാഴയ്ക്കൻ<br>,, ആർ . സെൽവരാജ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണനിലവാരം ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കേരള സ്കൂൾ പാഠ്യപദ്ധതി 2013 അനുസരിച്ച് ഘട്ടം ഘട്ടമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ 1,3,5,7,11 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി. |
| (ബി) പാഠപുസ്തകങ്ങൾ ഏത് അദ്ധ്യയന വർഷം മുതൽ പുതുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 1,3,5,7,11 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകവും 2014-15 അദ്ധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കി. 2,4,6,8,12 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും 2015-16 അക്കാദമിക് വർഷം പരിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. 9,10 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും 2016-17 അധ്യയന വർഷം പരിഷ്കരിച്ച് നടപ്പിലാക്കാൻ കേരള സ്കൂൾ സ്റ്റിയറിംഗ് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| സി) പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) പ്രവർത്തനാധിഷ്ഠിതവും, പ്രക്രിയാ ബന്ധിതവും, പഠിതാവ് കേന്ദ്രീകൃതവുമായ പാഠ്യപദ്ധതി രൂപപ്പെടുത്തുകയും, പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന തരത്തിൽ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പഠനം എല്ലാ കുട്ടികളിലും ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ പാഠ്യപദ്ധതി രൂപപ്പെടുത്തിയപ്പോൾ എല്ലാ |

ഘട്ടങ്ങളിലും, എല്ലാ ക്ലാസ്സുകളിലും കുട്ടി കൈവരിക്കേണ്ട പഠന നേട്ടങ്ങൾ പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി) ഇത് വിലയിരുത്തുന്നതിനായി അതിനുതകുന്ന രീതിയിലുള്ള ടൂളുകളും വികസിപ്പിച്ച് നടപ്പിലാക്കി വരികയാണ്. കൂടാതെ അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം ഇതിനെ അടിസ്ഥാനപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ